# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 ജൂൺ 19**

---

## എംജിയു യുജിപി; മേജർ സ്വിച്ചിംഗും കോളജ് മാറ്റവും ജൂൺ 21 വരെ

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ 2024 -2025 അഡ്മിഷൻ നാലു വർഷ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിലെ വിദ്യാർഥികൾക്ക് ജൂൺ 21 വരെ മേജർ സ്വിച്ചിംഗിനും കോളജ് മാറ്റത്തിനും അവസരം.*

*വിദ്യാർഥികൾ സ്റ്റുഡന്റ്സ് പ്രൊഫൈലിലെ യൂസർ ഐഡിയും പാസ് വേഡും ഉപയോഗിച്ച് എംജിയു യുജിപി പോർട്ടലിൽ* (https://edp.mgu.ac.in/) *ലോഗിൻ ചെയ്താണ് ഓപ്ഷൻ തിരഞ്ഞെടുക്കേണ്ടത്.*

*ഒരു വിദ്യാർഥിക്ക് പരമാവധി പന്ത്രണ്ട് ഓപ്ഷനുകൾ നൽകാം. മാനേജ് മെൻറ്, കമ്മ്യൂണിറ്റി മെറിറ്റ് സീറ്റുകളുള്ള മേജറുകളിലേക്കും ഈ സമയപരിധിയിൽ ഓപ്ഷൻ നൽകാനാകും.*

*ജൂൺ 24ന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കും. തുടർന്ന് ജൂൺ 24 മുതൽ 26 വരെ വിദ്യാർഥികൾക്ക് മേജർ സ്വിച്ചിംഗും കോളജ് മാറ്റവും ഓൺലൈനിൽ കൺഫേം ചെയ്യാം.*

*മാനേജ്മെന്റ് ക്വാട്ട റാങ്ക് ലിസ്റ്റ് ജൂൺ 27നാണ് പ്രസിദ്ധീകരിക്കുക. ഈ വിഭാഗത്തിൽ ജൂൺ 28ന് സ്വിച്ചിംഗ് കൺഫർമേഷൻ നടത്താം.*

*(പി.ആർ.ഒ/39/1708/2025)*

## പിജി; സ്പോർട്സ്, കൾച്ചറൽ, പിഡി ക്വാട്ടകളിലെ അന്തിമ റാങ്ക് ലിസ്റ്റായി

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ ഏകജാലക സംവിധാനം വഴിയുള്ള പ്രവേശനത്തിന് സ്പോർട്സ്, കൾച്ചറൽ, പിഡി ക്വാട്ടകളിലെ അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.*

*ലിസ്റ്റിൽ ഉൾപ്പെട്ടവർ കോളജുകളുമായി ബന്ധപ്പെട്ട് പ്രവേശനം നേടണം. അവസാന തീയതി ജൂൺ 21.*

*(പി.ആർ.ഒ/39/1709/2025)*

## പരീക്ഷാ ഫലം

*ഒന്നാം സെമസ്റ്റർ (പിജിസിഎസ്എസ്) എംഎസ്സി സുവോളജി (2015 മുതൽ 2018 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് ഒക്ടോബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ നാലു വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

...........................................

*അഞ്ചാം സെമസ്റ്റർ ത്രിവത്സര ഏകീകൃത എൽ എൽ. ബി (2022 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, ത്രിവത്സര എൽ എൽ.ബി 2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2015, 2016 അഡ്മിഷനുകൾ അവസാന മെഴ്സി ചാൻസ് ഫെബ്രുവരി 2025) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ നാലു വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

...........................................

*ഒന്നാം സെമസ്റ്റർ ബാച്ച്ലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് (2024 അഡ്മിഷൻ റെഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2021 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി നവംബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ നാലു വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1710/2025)*

## പ്രാക്ടിക്കൽ

*നാലാം സെമസ്റ്റർ എം.എസ്സി സ്റ്റാറ്റിസ്റ്റിക്സ് വിത്ത് ഡാറ്റാ സയൻസ് (സിഎസ്എസ് 2023 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ*

*റീ അപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 23 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1710/2025)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*അഫിലിയേറ്റഡ് കോളേജുകളിലെ നാലാം സെമസ്റ്റർ എംഎഡ് (2023 അഡ്മിഷൻ റെഗുലർ, 2021, 2022 അഡ്മിഷനുകൾ സപ്ലിമെന്ററി, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2019 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾ ജൂലൈ ഒൻപതു മുതൽ നടക്കും. ജൂൺ 27 വരെ അപേക്ഷിക്കാം. ഫൈനോടു കൂടി ജൂൺ 28 വരെയും സൂപ്പർ ഫൈനോടു കൂടി ജൂൺ 30 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1711/2025)*

പബ്ലിക് റിലേഷൻസ് ഓഫീസർ